ത്തിൽ പൊതുജനാഭിപ്രായം ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങളുടെ അഭിപ്രായംകൂടി അറിഞ്ഞതിനുശേഷമേ അവസാനതീരുമാനം എടുക്കുകയുള്ളൂ.

(സി) ദേവസ്വം രേണത്തെ സംബന്ധിക്കുന്ന ഒരേകീകൃതനിയമം നടപ്പിലാക്കുന്നതിനുള്ള ബില്ല് താമസിയാതെതന്നെ സഭയിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്നതുകൊണ്ട് ഈ റിപ്പോർട്ട് ഇപ്പോഴം സഭയുടെ ചർച്ചയ്ക്കു വിഷയമാക്കണമെന്നുദ്ദേശിക്കുന്നില്ല.

എക്സ്റേ പരിശോധന

*141. [44] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എക്സ്റേ പരിശോധനയ്ക്കു വരുന്ന രോഗികളെ ഫിലിമുകളും ബേരിയം സംഫേറും തുടങ്ങിയ മരുന്നുകളും ഇല്ല എന്നു പറഞ്ഞു തിരിച്ചയയ്ക്കുന്നതായി പരാതികളുണ്ടായിട്ടുള്ളതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനുവേണ്ടി ഗവണ്മെന്റ് അടിയന്തിരമായി ശ്രദ്ധിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മലബാർ രോഗത്തെ ഡിസ്പെൻസറികളും ആശുപത്രികളും

*142. [45] ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മുൻ ജില്ലാബോർഡ് നടത്തിയിരുന്നതും പിൽക്കാലത്തു ഗവണ്മെന്റ് ഏറ്റെടുത്തതുമായ മലബാർ രോഗത്തെ ഡിസ്പെൻസറികളിലും ആശുപത്രികളിലും ഉള്ള രോഗികൾക്ക് ജില്ലാബോർഡിന്റെ കാലത്തു കൊടുത്തിരുന്ന അതേ ഡയറ്റുതന്നെയാണോ ഇപ്പോഴും നൽകുന്നതു ;

(ബി) മുൻ മലബാർ രോഗത്തുനിന്നു ഏറ്റെടുത്തിട്ടുള്ള ആശുപത്രികളിൽ ഇപ്പോഴം കൊടുത്തുവരുന്ന ഡയറ്റിന്റെ തോതെന്താണു ;

(സി) അതേ ഗ്രേഡിലുള്ള ഗവണ്മെന്റാശുപത്രികളിൽ നൽകിവരുന്ന ഡയറ്റിന്റെ തോതെന്താണു ;

(ഡി) ഈ അന്തരം ശരിപ്പെടുത്തുവാൻ എന്തു നടപടിയാണു ഗവണ്മെന്റു സ്വീകരിക്കുവാനുദ്ദേശിക്കുന്നതു ;

(ഈ) തിരൂർ ഗവണ്മെന്റാശുപത്രിയിൽ ഇപ്പോഴം നൽകിവരുന്ന ഡയറ്റു തോതെന്താണു ;

(എഫ്) ആയതു വ്യത്യാസപ്പെടുത്തുവാനുള്ള ആവശ്യം ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ജി) ആയതു ഗവണ്മെന്റാശുപത്രി ലവലിൽ ഉയർത്തുവാൻ ഉടനെ നടപടി എടുക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) അതേ.

(ബി, സി) † പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

† Appendix IV

LIBRARY ARCHIVES Kerala Legislative Assembly